| 20–12–2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ–നിങ്ങൾക്ക് സന്തോഷമുണ്ടായിരിക്കണം–നമ്മളിപ്പോൾ ഈ ലോകം, ഇതെല്ലാം ഉപേക്ഷിച്ച് നമ്മുടെ വീടായ ശാന്തിധാമത്തിലേക്ക് പോകും. പിന്നീട് സുഖധാമത്തിലേക്ക് വരും.

**ചോദ്യം** : ഈ വിഷമകരമായ വഴിയിൽ നിരന്തരം മുന്നോട്ടു പോകുന്നതിനു വേണ്ടി ഏതൊരു ശ്രദ്ധയാണ് തീർച്ചയായും വെക്കേണ്ടത്?
**ഉത്തരം** : എന്തെങ്കിലും വ്യർത്ഥം അഥവാ ആസുരീയ കാര്യങ്ങൾ ആരെങ്കിലും കേൾപ്പിക്കുകയാണെങ്കിൽ ഒരിക്കലും അവരുടെ മിത്രമാകരുത്. ഹാംജി എന്നു പറഞ്ഞ് ഗ്ലാനിയുടെ കാര്യങ്ങൾ കേൾക്കുക അർത്ഥം ബാബയുടെ ആജ്ഞക്ക് വിരുദ്ധരായി മാറുക, അതുകൊണ്ട് ദയാമനസ്കരായി മാറി അങ്ങനെയുള്ള സ്വഭാവം ഉപേക്ഷിക്കണം. ബാബയുടെ ആജ്ഞാകാരിയായി മാറണം. ജ്ഞാനത്തിന്റെ സുറുമ ധരിച്ചിരിക്കണം. ഇത് വളരെ വിഷമം പിടിച്ച വഴി തന്നെയാണ്–ഇതിൽ വളരെ ശ്രദ്ധയോടുകൂടി നടക്കുന്നതിലൂടെ മാത്രമേ മുന്നേറാൻ കഴിയൂ..

**ഗീതം:** ഈ പാപത്തിന്റെ ലോകത്തിൽ നിന്ന്....

**ഓം ശാന്തി**. മധുരമായ കുട്ടികളെ, ഇപ്പോൾ നിങ്ങൾ വിവേകശാലികളായി മാറിയിട്ടുണ്ട്, മാത്രമല്ല മനസ്സിലാകുന്നുമുണ്ട് മുമ്പ് നമ്മൾ എത്ര അറിവില്ലാത്തവരായിരുന്നു. ഇത് പതിതലോകമാണെന്നുപോലും അറിഞ്ഞിരുന്നില്ല. ഇതേ ഭാരതത്തിൽ തന്നെയാണ് ദേവീദേവതമാരുടെ രാജ്യമുണ്ടായിരുന്നത്. അതുകൊണ്ട് പാവനവും സുഖികളുമായിരുന്നു. ഇവിടെ ഒരു ദുഃഖത്തിന്റെ കാര്യവുമുണ്ടായിരുന്നില്ല. എന്നാൽ ഇതും നിശ്ചയമുണ്ടായിരുന്നില്ല–സ്വർഗ്ഗത്തിൽ സദാ സുഖമുണ്ടായിരിക്കുമെന്ന്. സ്വർഗ്ഗത്തെക്കുറിച്ച് ആർക്കും ഒന്നുമറിയാമായിരുന്നില്ല. മനുഷ്യർ അവിടെയും ദുഃഖമുണ്ടായിരുന്നുവെന്നാണ് മനസിലാക്കിയിരുന്നത്. ഇത് അറിവില്ലായ്മയാണ്; ഇപ്പോൾ നിങ്ങൾ കുട്ടികൾ വിവേകശാലികളായി മാറിയിരിക്കുന്നു. ബാബ വന്ന് മനസിലാക്കിത്തന്നിരിക്കുന്നു. ആ ബാബയുടെ ശ്രീമതത്തിലാണ് നിങ്ങൾ നടക്കുന്നത്. മനുഷ്യർ പറയുന്നുമുണ്ട്– ഇത് പതിതലോകമാണെന്ന്. സ്വർഗ്ഗം പാവനമായ ലോകമായിരുന്നു. പാവനലോകത്തിലും ദുഃഖമുണ്ടാവുകയാണെങ്കിൽ പിന്നെ ദുഃഖത്തിന്റെ ലോകമായല്ലോ. പിന്നെ ഈ ഗീതവും തെറ്റായിപ്പോകും. പറയുന്നുമുണ്ട്– അല്ലയോ ബാബാ– എവിടെയാണോ സുഖവും സന്തോഷവുമുള്ളത് ഞങ്ങളെ അങ്ങനെയൊരു ലോകത്തേക്കു കൊണ്ടുപോകൂ. കുട്ടികൾ ഇതും മനസിലാക്കുന്നു–സ്വർഗ്ഗം സ്വർണ്ണത്തിന്റെ പക്ഷിയായിരുന്നു. ദേവീദേവതകളായിരുന്നു, പറയുന്നുമുണ്ട്–ഞങ്ങൾ പരസ്പരം ദുഃഖമൊന്നും കൊടുത്തിരുന്നില്ല. എന്നാൽ ഇങ്ങനെയും പറയും ഈ സുഖവും ദുഃഖവും പരമ്പരയായി നടന്നുവരുന്നതാണ്. കൃഷ്ണന്റെ മേലും അസത്യമായ കളങ്കം ചാർത്തിയിരിക്കയാണ്; പറയാറുണ്ട്–ഏതുപോലെയാണോ പതിതരുടെ ദൃഷ്ടി അതേപോലെ സൃഷ്ടി, മനസിലാക്കുന്നു മുഴുവൻ സൃഷ്ടിയും പതിതമാണെന്ന്. ഈ സമയത്തെ അവരുടെ ദൃഷ്ടിതന്നെ പതിതമാണെന്നതിനാൽ മുഴുവൻ സൃഷ്ടിയും പതിതമെന്ന് കരുതുന്നു. പറയുകയാണ് പരമ്പരയായി ഈ പതിതത്വം നടന്നുവരുന്നുവെന്ന്.

ഇപ്പോൾ നിങ്ങൾ കുട്ടികളിൽ വിവേകം വന്നുകൊണ്ടിരിക്കുകയാണ്, അതും നമ്പർവാർ പുരുഷാർത്ഥമനുസരിച്ചാണ്. കുട്ടികൾക്ക് പരംപിതാപരമാത്മാവിന്റെ ഡയറക്ഷൻ ലഭിക്കുന്നുണ്ട്. ആത്മാക്കൾക്ക് ബാബയിരുന്നു മനസിലാക്കിത്തരികയാണ്. എല്ലാ ആത്മാക്കളും പതിതരാണ്. അതുകൊണ്ട് പതിതാത്മാക്കളെ പാപാത്മാക്കൾ എന്നാണ് പറയുന്നത്. ബാബ ആത്മാക്കളോടാണ് സംസാരിക്കുന്നത്–നിങ്ങളെന്റെ അവിനാശി കുട്ടികളാണ്. പിന്നീട് മമ്മ, ബാബ എന്നും പറയുന്നുണ്ട്. ഈ ലോകത്തിൽ ആരെയും പിതാശ്രീ എന്നു പറയില്ല. ശ്രീ എന്നു പറഞ്ഞാൽ ശ്രേഷ്ഠം. എന്നാൽ ഇവിടെ ഒരു മനുഷ്യരും ശ്രേഷ്ഠരായിട്ടില്ല. ഇത് ഒന്നിന്റെ മാത്രം മഹിമയാണ്. ഒരുപക്ഷേ നിങ്ങൾ ഈ സമയത്ത് പറയുന്നുണ്ടായിരിക്കാം, കാരണം സന്യാസം ചെയ്യുന്നുണ്ടല്ലോ ശ്രേഷ്ഠമായി മാറുന്നതിനു വേണ്ടി. നിങ്ങൾക്കറിയാം നമ്മളിപ്പോൾ ഫരിസ്തയാകാൻ പോവുകയാണെന്ന്. എന്നാൽ പോകെപ്പോകെ ശ്രേഷ്ഠമായി മാറിക്കൊണ്ടിരിക്കെ പെട്ടെന്ന് മായാരാവണൻ അടിച്ചുവീഴ്ത്തി ഭ്രഷ്ടരാക്കി മാറ്റുന്നു. ഭ്രഷ്ടരായവരെ ശ്രീ എന്നു പറയാൻ പറ്റില്ല. ശ്രീലക്ഷ്മി– ശ്രീ നാരായണൻ, ശ്രീ രാധ–ശ്രീകൃഷ്ണൻ എന്നുപറയുന്നു. ക്ഷേത്രങ്ങളിലും പോയി അവരുടെ മഹിമ പാടാറുണ്ട്. സ്വയത്തെ ശ്രേഷ്ഠരെന്ന് പറയാൻ കഴിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസിലാക്കിയിരിക്കുന്നു–ഭാരതം ശ്രേഷ്ഠമായിരുന്നുവെന്ന്. അവിടെ അഴുക്കുവസ്ത്രങ്ങളൊന്നുമുണ്ടായിരുന്നില്ല. ശുദ്ധവും ശ്രേഷ്ഠവുമായിരുന്നു. ബാബയുടെ മഹിമയുമുണ്ടല്ലോ– അഴുക്കുവസ്ത്രങ്ങളെ കഴുകി വെണ്മ

യുള്ളതാക്കി മാറ്റുന്നു. ഈ സമയത്ത് എല്ലാവരും പതീതരാണ്. ശരിക്കും രാവണരാജ്യമാണ്. മനുഷ്യർ രാവണനെ വർഷാവർഷം കത്തിക്കുന്നുണ്ട്, എന്നാൽ കത്തുന്നേയില്ല. വീണ്ടും വീണ്ടും ഉയർന്നു വരുന്നു. ഇതും മനുഷ്യർക്കു മനസിലാവുന്നേയില്ല-കത്തിക്കുന്നുണ്ടെങ്കിൽ പിന്നെ എല്ലാ വർഷവും പുതിയത് എന്തിനാണുണ്ടാക്കുന്നത്? ഇതുകൊണ്ടുതന്നെ മനസിലാക്കാം-രാവണരാജ്യം പോയിട്ടില്ലെന്ന്. സ്വർഗ്ഗത്തിൽ എപ്പോഴാണോ രാമരാജ്യമുണ്ടാകുന്നത് അപ്പോൾ അവിടെ രാവണന്റെ കോലമുണ്ടാക്കുന്നേയില്ല. പറയാറുണ്ട്- രാവണനെ കത്തിച്ചു പിന്നീട് ലങ്ക കീഴടക്കിയെന്ന്. രാവണന്റെ ലങ്ക സ്വർണമാണെന്നു പറയുന്നു. എന്നാലങ്ങനെയൊന്നുമല്ല തന്നെ. ഈ മുഴുവൻ ലോകവും ലങ്കയാണ്. ഇതൊരു ദ്വീപാണല്ലോ. മുഴുവൻ ലോകത്തിലും രാവണന്റെ രാജ്യമാണ്. ഇതും നിങ്ങൾ കുട്ടികൾ മാത്രമാണ് മനസിലാക്കുന്നത്. കോളേജിൽ അറിവില്ലാത്തവരാരെങ്കിലും ചെന്നിരുന്നാൽ എന്താണ് മനസിലാവുക. ഒന്നും മനസിലാവില്ല. സമയം നഷ്ടപ്പെടുത്തുന്നുവെന്നു മാത്രം. ഇതാണെങ്കിൽ ഈശ്വരീയ കോളജാണ്. ഇവിടെ പുതിയവരാരെങ്കിലും വന്നിരുന്നാൽ ഒന്നും മനസിലാവില്ല. 7 ദിവസത്തെ കോഴ്സിലിരുത്തണം-എപ്പോഴാണോ യോഗ്യരായി മാറുന്നത് അതുവരെ. എങ്കിലും നല്ല ധാർമ്മിക ചിന്താഗതിയുള്ള മനുഷ്യരാണെങ്കിൽ അവരോട് ചോദിക്കണം-പരംപിതാപരമാത്മാവ് നിങ്ങളുടെ ആരാണ്? അത് ആത്മാക്കളുടെ പിതാവാണ്. പ്രജാപിതാവും അച്ഛനാണ്. ഈ പോയിന്റ് വളരെ നല്ലതാണ്. പക്ഷേ കുട്ടികൾ ഇതിലിത്രയും ഹർഷിതരാവുന്നില്ല. ബാബ പറയുന്നു- ഞാൻ നിങ്ങൾക്ക് പുതിയ പുതിയ പോയിന്റുകൾ കേൾപ്പിക്കുകയാണ്-ഇതിലൂടെ നിങ്ങൾക്ക് ലഹരി കയറുകയാണ്. ആർക്കെങ്കിലും മനസിലാക്കിക്കൊടുക്കാനുള്ള യുക്തി വന്നിരുന്നെങ്കിൽ! നിങ്ങൾക്ക് ഫോം പൂരിപ്പിച്ച് ചോദിക്കാൻ സാധിക്കും-പരംപിതാപരമാത്മാവുമായി നിങ്ങളുടെ സംബന്ധമെന്താണ്? അപ്പോൾ പറയും-പരംപിതാപരമാത്മാവ് അച്ഛനല്ലേ? അങ്ങനെ പറയുന്ന സമയത്ത് സർവവ്യാപിയുടെ ജ്ഞാനമില്ലാതാകും. നിങ്ങൾ ചോദ്യങ്ങൾ ചോദിക്കുമ്പോൾ പറയും അദ്ദേഹം അച്ഛനാണ്; നമ്മളെല്ലാവരും സന്താനങ്ങളാണ്. ഇത്രയും കാര്യം എഴുതിപ്പിക്കണം. പ്രജാപിതാവിന്റെയും സന്താനങ്ങളാണ്. ശിവൻ ദാദയാണ് ബാബയുമാണ്. ശിവബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നവനാണെങ്കിൽ തീർച്ചയായും സമ്പത്തും ബാബയിൽ നിന്ന് ലഭിക്കും. വളരെ സഹജമായ കാര്യങ്ങൾ എടുത്തു പറയണം. മിത്രസംബന്ധികളുടെ അടുത്തുപോകൂ-അവർക്കും ഇതു മനസിലാക്കിക്കൊടുക്കൂ. ഇതൊരു ലഹരിയല്ലേ, നമ്മൾ ബാപ്ദാദയുടെ അടുത്തുനിന്ന് സമ്പത്തെടുക്കുകയാണ്. അമ്മയിൽ നിന്ന് സമ്പത്ത് ലഭിക്കുകയില്ല. ബാബക്കു തന്നെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യേണ്ടത്. അവർ തന്നെയാണ് അധികാരി. ഏതുപോലെ ഇദ്ദേഹത്തിന് ദാദയുടെ സമ്പത്തിന് അവകാശം അതേ പോലെ പേരക്കുട്ടികൾക്കും അവകാശമുണ്ട്. ബാബ പറയുന്നു-എന്നെ ഓർമിക്കൂ. ഇങ്ങനെ ഒരിക്കലും പറയുന്നില്ല-ഈ ദേഹധാരിയെയും ഓർമിക്കൂ എന്ന്. ബാബ സന്മുഖത്താണ് സംസാരിക്കുന്നത്. കല്പം മുമ്പും ഇങ്ങനെ മനസിലാക്കിത്തന്നിട്ടുണ്ടായിരുന്നു. എന്നാൽ കുട്ടികൾക്ക് ദേഹബോധം വളരെയധികം വരുന്നുണ്ട്. ദേഹധാരികളോട് സ്നേഹം വരുന്നു. ബാബ പറയുന്നു-നിങ്ങൾ ആത്മാക്കൾ അശരീരിയായിട്ടാണ് വന്നിട്ടുണ്ടായിരുന്നത്. പിന്നീട് പാർട്ടഭിനയിച്ച് 84 ജന്മം പൂർത്തിയാക്കി. ഇപ്പോൾ ഞാൻ പറയുന്നു-നിങ്ങൾക്കു തിരിച്ചുപോകണം. അതുകൊണ്ട് എന്നെ മാത്രം ഓർമിക്കൂ. എങ്കിൽ വികർമം വിനാശമാകും. ദേഹധാരികളെ ഓർമിക്കുന്നതിലൂടെ വികർമം വിനാശമാകില്ല. നിങ്ങളെനിക്ക് വാക്കു തന്നിട്ടുണ്ട്-ബാബാ ഞങ്ങൾ അങ്ങയെത്തന്നെ ഓർമ്മിക്കും. നിങ്ങൾക്ക് ഈ പഴയ ലോകത്തിൽ ഇനി ഇരിക്കുകയേ വേണ്ട. ഇവിടെ ഒരു സുഖവുമില്ല. അതുകൊണ്ട് പറയുന്നു-ഞങ്ങളെ സുഖത്തിന്റെ ലോകത്തിലേക്കു കൊണ്ടുപോകൂ. നിങ്ങൾ കുട്ടികൾക്കറിയാം-നമ്മൾ ആദ്യം ശാന്തിധാമത്തിലേക്ക് പോകും. അവിടെ സുഖത്തിന്റെ കാര്യമൊന്നുമില്ല. ശാന്തി തന്നെ ശാന്തി മാത്രമാണ്. പിന്നീട് സുഖധാമത്തിലേക്ക് പോകും. അവിടെ പിന്നെ ശാന്തിയുടെ കാര്യമൊന്നുമില്ല. എപ്പോഴാണോ ദുഃഖമുള്ളത് അപ്പോൾ അശാന്തിയാണ്. സുഖത്തിൽ പിന്നെ ശാന്തി തീർച്ചയായുമുണ്ട്. എന്നാൽ അത് ശാന്തിധാമമല്ല. ശാന്തിധാം ആത്മാക്കളുടെ മധുരമായ വീടാണ്. ബാബക്കു മുഴുവൻ ആദിമധ്യാന്തത്തെക്കുറിച്ചറിയാം. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ജോലിയാണ് പഠിക്കുക, പഠിപ്പിക്കുക. പിന്നെ നമ്മുടെ ശരീരനിർവഹണാർത്ഥം കർമ്മവും ചെയ്യണം.

നിങ്ങൾക്കറിയാം നമ്മൾ ഈ മൃത്യുലോകത്തിൽ നിന്ന് അമരലോകത്തിലേക്ക് പോകും-ശാന്തിധാമം വഴി. ഇത് ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം ട്രാൻസ്ഫറാകുന്നതുവരെ. തന്റെ പഠിത്തത്തിന്റെ റിസൽറ്റു വരുന്നതുവരെ പഠിക്കണം. മരിക്കാത്തിടത്തോളം പഠിക്കുക തന്നെ വേണം. ഇത് ഓർമ്മിക്കാൻ പറ്റുമല്ലോ-നമുക്കിപ്പോൾ വീട്ടിലേക്കു പോകണമെന്ന്. ഈ ലോകം, ഇതെല്ലാം വിട്ടു പോകുക തന്നെ വേണം. സന്തോഷമുണ്ടായിരിക്കണം. പരിധിയില്ലാത്ത ഈ നാടകത്തെക്കുറിച്ചും മനസിലാക്കി. പരിധിയുള്ള നാടകം പൂർത്തിയായിക്കഴിഞ്ഞാൽ വേഷം മാറി വീട്ടിലേക്കു പോകാറുണ്ടല്ലോ. അതുപോലെ നമുക്കും പോകണം. 84 ജന്മത്തിന്റെ ചക്രം പൂർത്തിയാവുകയാണ്. ഓർമ്മിക്കുന്നുമുണ്ട്-അല്ലയോ പതീതപാവനാ വരൂ. ശിവബാബയെത്തന്നെയാണ് ഓർമ്മിക്കുന്നത്. ഒരു ഭാഗത്തു പറയുന്നു-പതീതപാവനാ വരൂ. പിന്നീട് സർവവ്യാപി

യെന്നും പറയുന്നു. ഒരർത്ഥവുമില്ലാത്ത കാര്യമാണ്. കുട്ടികൾക്ക് എത്ര സഹജമായിട്ടാണ് ബാബ മനസിലാക്കിത്തരുന്നത്. ശാന്തിധാമത്തെ ഓർമിക്കൂ. ഇതു ദു:ഖധാമമമാണ്. ഇതിന്റെ വിനാശവും മുന്നിലുണ്ട്. ഇത് അതേ മഹാഭാരതയുദ്ധമാണ്. യൂറോപ്പ് വാസികളായ യാദവരുമുണ്ട്, കൗരവപാണ്ഡവസഹോദരന്മാരുമുണ്ട്. നമ്മൾ ഒരു വീട്ടിലെയാണല്ലോ. സഹോദരന്മാരുടെയിടയിൽ ഒരിക്കലും യുദ്ധമുണ്ടാവുകയില്ല. ഇവിടെ യുദ്ധത്തിന്റെ കാര്യമേയില്ല. എന്നാൽ മനുഷ്യരുടെ ജോലിയാണ് പരസ്പരം വഴക്കിടുക. ഇതൊരു രീതിയായി മാറിയിരിക്കുന്നു. എല്ലാവരും പരസ്പരം ശത്രുക്കളാണ്. മകനും അച്ഛന്റെ ശത്രുവായി മാറുന്നു. മൃത്യുലോകത്തിന്റെ ആചാര സമ്പ്രദായങ്ങൾ ഓരോരുത്തർക്കും അവരവരുടേതാണ്. ബാബയുടെ പ്ലാൻ നോക്കൂ-എത്ര വലുതാണ്, എല്ലാവരുടെയും പ്ലാനുകൾ അവസാനിപ്പിക്കുന്നു, എന്നിട്ട് സുഖധാമത്തിന്റെ സ്ഥാപന ചെയ്യുന്നു. ബാക്കി എല്ലാവരെയും ശാന്തിധാമത്തിലേക്കു പറഞ്ഞയക്കുന്നു. നിങ്ങൾ കുട്ടികൾ കാണുന്നുണ്ട്-നമ്മൾ ആരുടെ മുന്നിലാണിരിക്കുന്നത്. നിശ്ചയവുമുണ്ട്-പരംപിതാപരമാത്മാ ജ്ഞാനത്തിന്റെ സാഗരനാണ്. ഈ ശരീരത്തിലൂടെ നമുക്ക് ജ്ഞാനം തരുന്നു. വേറെ ഏതെങ്കിലും സത്സംഗം ഇങ്ങനെയുണ്ടാകുമോ? ഇവിടെ ബാബ മുന്നിലിരുന്ന് മനസിലാക്കിത്തരുന്നു. ബാബ നമ്മൾ ആത്മാക്കളോടാണ് സംസാരിക്കുന്നത് എന്നുമറിയാം. നമ്മൾ ചെവിയിലൂടെ കേൾക്കുകയാണ്. ബാബ ഈ ദാദയുടെ മുഖത്തിലൂടെയാണ് പറയുന്നത്. ഏതെല്ലാം രത്നങ്ങളാണോ ബാബയുടെ മുഖത്തിലൂടെ വരുന്നത്, അതേ രത്നങ്ങൾ നിങ്ങളുടെ മുഖത്തിലൂടെയും വരണം. സദാ മുഖത്തിലൂടെ രത്നങ്ങൾ മാത്രമേ വരാവൂ. വ്യർത്ഥമായ ആസുരീയ കാര്യങ്ങൾ കേൾക്കുക തന്നെ ചെയ്യരുത്. ചിലർ വളരെ സന്തോഷത്തോടെ ഇരുന്നു കേൾക്കും. ബാബ പറയുന്നു- ഇങ്ങനെയുള്ള കാര്യങ്ങൾ കേൾക്കുകയോ അഥവാ ആർക്കെങ്കിലും കേൾപ്പിക്കുകയോ ചെയ്യുമ്പോൾ ബാബയോടു പറയൂ. എങ്കിൽ ബാബ മനസിലാക്കിത്തരും. അല്ലെങ്കിൽ ഇങ്ങനെയുള്ള സംസ്കാരം പക്കയാകും. എന്നാൽ ഇങ്ങനെയൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബാബയെ കേൾപ്പിക്കുന്നില്ല-ബാബാ ഇവർ ആവശ്യമില്ലാത്ത കാര്യങ്ങൾ കേൾപ്പിക്കുന്നു, ഇവരെ ഈ സ്വഭാവത്തിൽ നിന്ന് മുക്തമാക്കണം, ഇല്ലെങ്കിൽ അത് പക്കയാകും. ബാബ സഭയിൽ കേൾപ്പിക്കും, മനസിലാക്കിക്കൊടുക്കും-എന്നിട്ടും പിന്നെ ഇങ്ങനെയുള്ളവരുടെ മിത്രമായി മാറുന്നു. മായ നല്ല നല്ല കുട്ടികളുടെ ബുദ്ധിയും കല്ലുബുദ്ധിയാക്കിമാറ്റുന്നു. ബാബയുടെ ആജ്ഞാകാരികുട്ടികളായി മാറുന്നതേയില്ല. വളരെ വിഷമം പിടിച്ച വഴിയാണ്. ഇതിൽ വളരെ ശ്രദ്ധയോടുകൂടിയിരിക്കണം. ദയാമനസ്കരായി മാറി ആരിലെങ്കിലും ഈ സ്വഭാവമുണ്ടെങ്കിൽ അതിനെ ഇല്ലാതാക്കണം. ഹാംജി എന്നു പറഞ്ഞു കേട്ടുകൊണ്ടിരിക്കരുത്. ബാബ സുഖധാമിന്റെ അധികാരിയാക്കിമാറ്റുകയാണ്. ഇങ്ങനെയുള്ള ബാബയുടെ ഗ്ലാനി ഒരിക്കലും കേൾക്കരുത്. നമുക്ക് ശിവബാബയിൽ നിന്ന് സമ്പത്തെടുക്കണം, മറ്റു കാര്യങ്ങളിൽ എന്തുചെയ്യാനാണ്. ആര് കേട്ടാലും കേട്ടില്ലെങ്കിലും നമുക്ക് ജ്ഞാനത്തിന്റെ സുറുമ ധരിക്കണം. ചിലർ ജ്ഞാനാഞ്ജനം പ്രാപ്തമാക്കുന്നു, ചിലർ മൺതരി പ്രാപ്തമാക്കുന്നു. ഇതിലൂടെ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം തുറക്കുന്നതേയില്ല. ബാബ ഇത്രയും സഹജമായി മനസിലാക്കിത്തരുന്നുണ്ട്-ആര് എത്രതന്നെ രോഗിയോ അന്ധനോ വൈകല്യമുള്ളവരോ ആകട്ടെ അവരും മനസ്സിലാക്കട്ടെ. അൽഫും ബേയും(ബാബയും സമ്പത്തും) ഈ രണ്ടക്ഷരങ്ങളാണ്. ബാബ മനസ്സിലാക്കിത്തരുന്നു, കുട്ടികളെ മിത്രസംബന്ധി മുതലായവരോട് മിത്രത വെച്ചോളൂ. വളരെയധികം മധുരമായി മാറൂ. നിങ്ങളുടെ ജോലി തന്നെയാണ് ബാബയുടെ പരിചയം കൊടുക്കുക എന്നത്. ഒരുപക്ഷേ ശത്രുവായിരിക്കാം എന്നാലും അവരോട് മിത്രത വെക്കണം. വളരെ മധുരമായി മാറണം. ബാബ പറയുന്നു-ആസുരീയമതത്തിലൂടെ നടന്ന് നിങ്ങളെന്നെ എത്രയാണ് കുറ്റപ്പെടുത്തിയത്, അപമാനിച്ചത് -എന്നിട്ടും ഞാൻ നിങ്ങളിൽ എത്ര ഉപകാരമാണ് ചെയ്യുന്നത്. ഈശ്വരന്റെ അപമാനിക്കുക ഇതും ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. അപ്പോഴാണ് പറയുന്നത്- യദാ യദാ ഹി....വന്നിരിക്കുന്നതും ഭാരതത്തിലാണ്. മനസിലാക്കിത്തരുന്നുമുണ്ട് കുട്ടികൾക്ക് ഓരോ കാര്യങ്ങളും വളരെ നല്ല രീതിയിൽ മനസിലാക്കണം. ആരുടെയാണോ ഭാഗ്യത്തിലില്ലാത്തത് അവർ അതേ ആസുരീയജോലി തന്നെ ചെയ്തുകൊണ്ടിരിക്കും. ഇവിടെ നിന്നു പുറത്തുപോയാൽ ഈ കാര്യങ്ങളെല്ലാം മറന്നു പോകുന്നു. നിന്ദ ചെയ്തുചെയ്ത് ഈ അവസ്ഥയിലെത്തിച്ചേർന്നു. ഇനി ഈ നിന്ദിക്കുന്ന ജോലി നിർത്തണം. നിങ്ങളുടെ പേരും എഴുതിവെച്ചിട്ടുണ്ട്-പ്രജാപിതാബ്രഹ്മാകുമാർകുമാരിമാർ. മനസിലാക്കുകയും ചെയ്യും ശിവന്റെ മക്കളും പേരക്കുട്ടികളും എന്ന്. തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നതായിരിക്കും. ഭാരതത്തിന് സമ്പത്തുണ്ടായിരുന്നു. എന്നാൽ ഇപ്പോഴില്ല. ഇനി വീണ്ടും ലഭിക്കും. സത്യയുഗത്തിൽ സൂര്യവംശി മാത്രമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ നിങ്ങൾ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമങ്ങൾ വിനാശമാകും. പിന്നീട് അവിടെ എത്തിച്ചേരുകയും ചെയ്യും. എത്ര നല്ല രീതിയിലാണ് മനസിലാക്കിത്തരുന്നത്. നിങ്ങൾ കുട്ടികൾ തന്നെയാണ് സേവനം ചെയ്യേണ്ടത്. എന്നാൽ ആദ്യം സ്വയത്തിന്റെ മനോഭാവവും നല്ലതായിരിക്കണം. വെറുതെ പണ്ഡിതനായി മാറരുത്. പക്കയായ യോഗി, രാജഋഷിയായി മാറുകയാണെങ്കിൽ മറ്റുള്ളവർക്ക് അമ്പു തറക്കും. സ്വയത്തിൽ തന്നെ കുറവുകളുണ്ടെങ്കിൽ മറ്റുള്ളവരോട് പറയാൻ പറ്റില്ല. ലജ്ജ വന്നു കൊണ്ടിരിക്കും. തന്റെ പാപം ഉള്ളിൽ കുത്തിക്കൊണ്ടിരിക്കും. ഓരോ കാര്യത്തിലും ബാബ

വളരെ നന്നായി മനസിലാക്കിത്തരുന്നുണ്ട്. കല്പം മുമ്പും ഇതുപോലെ മനസിലാക്കിത്തന്നിട്ടുണ്ട്. ദേവീ ദേവതാധർമം തീർച്ചയായും സ്ഥാപിക്കപ്പെടും. ആരു പഠിച്ചാലും പഠിച്ചില്ലെങ്കിലും. എന്നിട്ടും ബാബ പറയുന്നു-കുറച്ചു വിവേകശാലികളായി മാറൂ. ഈ സമ്പാദ്യത്തെയും ആ സമ്പാദ്യത്തെയും ബുദ്ധിയിൽ വെക്കൂ. സത്യമായ സമ്പാദ്യം ബാബ തന്നെയാണ് ചെയ്യിക്കുന്നത്. ബാബയെയും സ്വർഗത്തെയും ഓർമിക്കൂ. ഇതൊരിക്കലും മറക്കരുത്. സ്മരിച്ചുസ്മരിച്ച് അന്തിമ മനം പോലെ ഗതിയാകും. അതിരാവിലെ എഴുന്നേറ്റ് ബാബയുടെ ഓർമയിലിരിക്കൂ. അഥവാ ആലസ്യം വരികയാണെങ്കിൽ മനസിലാക്കാം-ഭാഗ്യത്തിലില്ല. ഇങ്ങനെ പ്രാക്ടീസ് ചെയ്യണം-അന്തിമസമയത്ത് ദേഹം പോലും ഓർമയിൽ വരരുത്. നമ്മൾ ആത്മാവാണ്. ശരി

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1. തന്റെ മനോഭാവം ശുദ്ധമാക്കി വെച്ച് ശത്രുവിനെയും മിത്രമാക്കി മാറ്റണം. അപകാരികളിലും ഉപകാരം ചെയ്ത് ബാബയുടെ സത്യമായ പരിചയം കൊടുക്കണം.

2. ഏതൊരു രത്നമാണോ ബാബയുടെ മുഖത്തിലൂടെ വരുന്നത് അതേ രത്നങ്ങൾ തന്നെ കുട്ടികളുടെ മുഖത്തിലൂടെയും വരണം. ഏതെങ്കിലും വ്യർത്ഥകാര്യങ്ങൾ കേൾക്കുകയോ കേൾപ്പിക്കുകയോ ചെയ്യരുത്.

## വരദാനം:-സംഗമയുഗത്തിന്റെ സമയത്തിന്റെ മഹത്വത്തെ അറിഞ്ഞ് പരമാത്മാ ആശീർവ്വാദങ്ങളെക്കൊണ്ട് സഞ്ചി നിറക്കുന്ന മായാജീത്തായി ഭവിക്കട്ടെ.

സംഗമയുഗത്തിലെ ഒരു സെക്കന്റ് മറ്റ് യുഗങ്ങളിലെ ഒരു വർഷത്തെക്കാൾ കൂടുതലാണ്. ഈ സമയത്ത് ഒരു സെക്കന്റെങ്കിലും പാഴാക്കിയാൽ സെക്കന്റല്ല മറിച്ച് വളരെ കൂടുതൽ നഷ്ടപ്പെട്ടു. ഇത്രയും മഹത്വം സദാ ഓർമ്മയുണ്ട് എങ്കിൽ ഓരോ സെക്കന്റും പരമാത്മാ ആശീർവാദങ്ങൾ പ്രാപ്തമാക്കിക്കൊണ്ടിരിക്കാം, മാത്രമല്ല ആരുടെ സഞ്ചി പരമാത്മാ ആശീർവ്വാദങ്ങളാൽ സദാ നിറഞ്ഞിരിക്കുന്നുവോ അവരുടെയടുത്ത് ഒരിക്കലും മായക്ക് വരാൻ സാധിക്കില്ല. ദൂരത്ത് നിന്നേ ഓടിപ്പോകും. അതിനാൽ സമയത്തെ സദുപയോഗം ചെയ്യുക-ഇത് തന്നെയാണ് തീവ്ര പുരുഷാർത്ഥം. തീവ്ര പുരുഷാർത്ഥി അർത്ഥം സദാ മായാജീത്ത്.

## സ്ലോഗൻ:- ആര് ആജ്ഞാകാരിയാണോ അവർ തന്നെയാണ് ബാബയുടെയും പരിവാരത്തിന്റെയും ആശീർവ്വാദങ്ങൾക്ക് പാത്രമാകുന്നത്.